# പതിമൂന്നാം കേരള നിയമസഭ
## 4-ാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :733 08.03.2012- ൽ മറുപടിയ്ക്ക്

## ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഹംസ | ശ്രീ.പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) ശ്രീകൃഷ്ണപുരം കുടിവെള്ള പദ്ധതിയുടെ കാലിക സ്ഥിതി എന്തെന്ന് വിശദമാക്കാമോ; | (എ) ശ്രീകൃഷ്ണപുരത്തിനും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതി നാല് പാക്കേജുകളായിട്ടാണ് തിരിച്ചിരിക്കുന്നത്. അതിൽ മൂന്ന് പാക്കേജുകൾ (പാക്കേജ് I, III & IV) പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജായ ഡി.ഐ.പൈപ്പ് ഉപയോഗിച്ചുള്ള പമ്പിംഗ് മെയിനുകൾക്കും വിതരണ ശൃംഖലകൾക്കും വേണ്ടിയുള്ള ടെണ്ടർ അംഗീകരിച്ച് കോൺട്രാക്ടർ എഗ്രിമെന്റ് വയ്ക്കുകയും ചെയ്തു. ആവശ്യമുള്ള പൈപ്പുകൾ സപ്ലൈ ചെയ്യുന്നതിനുള്ള പ്രവൃത്തി ആരംഭിച്ചു വരുന്നു. |
| (ബി) പ്രസ്തുത പദ്ധതിയ്ക്ക് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; എന്നാണ് ഭരണാനുമതി ലഭിച്ചത്; | (ബി) സ്പാൻ പദ്ധതിയിൽ ഉൾപ്പെടുത്തി 05.08.2008 ന് 3124.11 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചു. |

(സി) എന്ന് പണി തുടങ്ങി പൂർത്തിയാക്കുവാനാണ് ലക്ഷ്യമിട്ടിരുന്നത്; ഏതെല്ലാം ഘടകങ്ങൾ പൂർത്തിയാക്കി എന്നും ഏതെല്ലാം ഘടകങ്ങൾ ഇനി പൂർത്തീകരിക്കാനുണ്ട് എന്നുമുള്ളതിന്റെ വിശദാംശങ്ങൾ അറിയിക്കുമോ;

(സി) പദ്ധതി റിപ്പോർട്ട് പ്രകാരം ഡിസംബർ 2010-ൽ പൂർത്തീകരിച്ച് കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിരുന്നത്.

<u>പൂർത്തിയാക്കിയ ഘടകങ്ങൾ</u>

1. കിണറും പമ്പ് ഹൗസും
2. റാ വാട്ടർ പമ്പ് സെറ്റ്
3. റാ വാട്ടർ പമ്പിംഗ് മെയിൻ ഭാഗികമായി സ്ഥാപിച്ചു.
4. 11.50 എം.എൽ.ഡി ജലശുദ്ധീകരണ ശാല
5. ക്ലിയർ വാട്ടർ പമ്പ് സെറ്റുകൾ
6. ജല സംഭരണികൾ
7. പി.വി.സി. പൈപ്പ് ഉപയോഗിച്ചുള്ള വിതരണ ശൃംഖല 4 മേഖലകളിലും പൂർത്തിയായി.
8. ഇലക്ട്രിക്കൽ, ട്രാൻസ്ഫോർമറുകൾ

<u>പൂർത്തിയാക്കാനുള്ള ഘടകങ്ങൾ</u>

1. റാ വാട്ടർ പമ്പിംഗ് മെയിൻ ഭാഗികമായി പൂർത്തിയാക്കാനുണ്ട്.
2. ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ഗ്രാവിറ്റി മെയിൻ, ഡി.ഐ.പൈപ്പുപയോഗിച്ചുള്ള വിതരണ ശൃംഖല.
3. വൈദ്യുതി കണക്ഷൻ ലഭിക്കേണ്ടതുണ്ട്.
4. വാഷ് വാട്ടർ ഡ്രെയിൻ, മറ്റ് അനുബന്ധ പ്രവർത്തികൾ.

(ഡി) പ്രസ്തുത പദ്ധതി മുടങ്ങിക്കിടക്കുവാൻ കാരണമെന്ത്?

(ഡി) പ്രസ്തുത പദ്ധതിയുടെ പണികൾ പൂർണ്ണമായും മുടങ്ങിയിട്ടില്ല. ആകെയുള്ള 4 പാക്കേജുകളിൽ 3 പാക്കേജുകൾ പൂർത്തീകരിച്ചു. രണ്ടാമത്തെ പാക്കേജിന് രണ്ടു തവണ ടെണ്ടർ ക്ഷണിച്ചുവെങ്കിലും കരാറുകാർ ക്വാട്ട് ചെയ്ത തുക എസ്റ്റിമേറ്റ് തുകയേക്കാൾ വളരെ കൂടുതലായിരുന്നു. ആയതുകൊണ്ട് വീണ്ടും ടെണ്ടർ വിളിക്കേണ്ടിവന്നതിനാൽ കാലതാമസം വന്നു. നിലവിൽ ടി പണിയുടെ എഗ്രിമെന്റ് വച്ച് പ്രവൃത്തി ആരംഭിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പദ്ധതി പുനരുജ്ജീവിപ്പിച്ച് ശുദ്ധജല വിതരണം നടത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ലക്ഷ്യമിടുന്നതെന്ന് വിശദീകരിക്കാമോ? | (ഇ) | പദ്ധതിയുടെ ബാക്കി ഘടകങ്ങൾ പൂർത്തീകരിച്ച് 2013 ഡിസംബർ മാസത്തോടെ പദ്ധതി കമ്മീഷൻ ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**